**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

16-07-2021

1. ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയിലും ചേരാനാഗ്രഹിക്കുന്ന കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്രങ്ങളെയോ (CSC) അക്ഷയകേന്ദ്രങ്ങളെയോ ഇന്നു തന്നെ സമീപിക്കേണ്ടതാണ്.

2. ആട് കർഷകരെ വിവേചനപൂർണ്ണമായ വിരമരുന്നുകളുടെ ഉപയോഗത്തിനു പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിൽ പ്രവർത്തിയ്ക്കുന്ന പരാദശാസ്ത്ര വിഭാഗത്തിൽ വിഭാവനം ചെയ്ത **ഹെം ചെക്ക്** എന്ന വിളർച്ച സൂചിക കാർഡിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **9447668582** എന്ന ഫോൺ നമ്പരിൽ ഡോ കെ ശ്യാമളയുമായി ബന്ധപ്പെടുക

3. റബ്ബർ ടാപ്പിങ്ങ് തൊഴിലാളികൾക്കായി റബ്ബർ ബോർഡ് 2011 – 12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് കം ടെർമിനൽ ബനഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം ജൂലൈ 30 ന് മുമ്പായി അതാത് പ്രദേശത്തെ റബ്ബർ ബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണെന്ന് റബ്ബർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

4. **അനെർട്ട്** കർഷകർക്കുള്ള PM-KUSUM പദ്ധതി പ്രകാരം കാർഷിക പമ്പുസെറ്റുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അനെർട്ടിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസുമായോ ഇനി പറയുന്ന നമ്പരുകളിലോ ബന്ധപ്പെടുക. **0471-2304137, 9188119401.**

5. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ക്രോപ്സ് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന നഴ്സറി നിർമ്മാണം, പാക്ക് ഹൗസ്, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് റീട്ടെയ്ൽ മാർക്കറ്റ് /ഔട്ട്ലെറ്റ് എന്നീ പ്രോജക്ട്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷകൾ പ്രോജക്ട് സഹിതം ക്ഷണിക്കുന്നു. പുകപ്പുര, ഉന്തുവണ്ടി/പ്ലാറ്റ്ഫോം വിത്ത് കൂൾ ചേമ്പർ എന്നിവയ്ക്ക് പ്രോജക്ട് ഇല്ലാതെ തന്നെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസുമായി 0484- **2422224** എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലന പരിപാടികൾ**

6. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി ഇന്ന് (16/7/2021 ന് ) പച്ചക്കറികൃഷി -തക്കാളി വഴുതന, മുളക് എന്ന വിഷയത്തിൽ മരട് കൃഷി ഓഫീസർ ചിത്ര കെ പിള്ള ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ്ങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ വന്ധപ്പെടുക – **0484 2703094**

7. തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം, ഇന്ന് (16 ന് ) ക്ഷീസഹകരണ സംഘം പ്രസിഡന്റുമാരും ഭരണ സമിതി അംഗങ്ങളും അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471-2440911** എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

8. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 21 ന് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918. 9188522701** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് പത്തനംതിട്ട കെ വി കെയിലെ ഡോ സെൻസി മാത്യു **കാലിരോഗങ്ങളും പ്രതിവിധികളും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. രാവിലെ 10.30 മുതൽ ഗൂഗിൾ മീറ്റ് വഴി നടത്തുന്ന പരിശീലനത്തിന്റെ ലിങ്ക് ഇനി പറയുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

http://meet.google.com/pwy-nntc-phn കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9447400261**

10. കടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22 ന് പോത്ത് വളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918. 9188522701** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

11. പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം ഇരുപത്തിമൂന്നാം തീയതി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിലെ ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ രാവിലെ 11 മണിക്ക് ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിന്റെ ലിങ്ക് ഇനി പറയുന്നു *meet.google.com/kyy-wtac-qem* കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക **8078572094**

12. കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യുവതീ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുവാനും നിലനിർത്തുവാനും ലക്ഷ്യമിടുന്ന ആര്യ പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം 23-07-2021 ന് ഉച്ചയ്ക്ക് 2 മണിക്ക് സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0460 2226087** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

13. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

- നെല്ലിൽ ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതിരിക്കാൻ 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിയ്ക്കാവുന്നതാണ്.
- മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയതെങ്ങിനും 25 മുതൽ 50 കിലോഗ്രാം ജൈവവളം ഇട്ടുകൊടുക്കുക

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**